പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4947 — 23/03/2018-ൽ മറുപടിയ്ക്ക്

## ആദിവാസികൾക്കായുള്ള പദ്ധതിനടത്തിപ്പിലെ കാലതാമസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസികൾക്കായി അനുവദിച്ചിട്ടുള്ള പദ്ധതികൾ യഥാസമയം പൂർത്തിയാക്കാത്തത് സംബന്ധിച്ചും ഫണ്ട് വിനിയോഗം കാര്യക്ഷമമല്ലെന്നത് സംബന്ധിച്ചുമുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആദിവാസിവിഭാഗങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ അവരുടെ കൃത്യനിർവ്വഹണം സംബന്ധിച്ച് മോണിറ്റർ ചെയ്യുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ; | (ബി) | പട്ടികവർഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാ കളക്ടർ അധ്യക്ഷനായി സ്ഥലം എം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും, ജില്ലാ ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസനസമിതിയിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും വിലയിരുത്തുന്നുണ്ട്.<br><br>സംസ്ഥാനതലത്തിൽ ബഹു.മന്ത്രിയുടെ അധ്യക്ഷതയിലും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലും പദ്ധതി വിലയിരുത്തി വരുന്നു. കൂടാതെ വകുപ്പ് |

| | | | |
|---|---|---|---|
| | | | പ്രിൻസിപ്പൽ സെക്രട്ടറിയും വകുപ്പ് ഡയറക്ടറും ജില്ലകൾ സന്ദർശിച്ച് പദ്ധതി പുരോഗതി വിലയിരുത്തുന്നു. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.<br><br>സർക്കാർ ഉത്തരവ് (സാധാ) നം.1013/12/പജപവവിവ തീയതി. 17-7-2012 പ്രകാരം പട്ടികവർഗവികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ആഫീസർമാർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. |
| സി) | ആദിവാസി വിഭാഗങ്ങളുടെ പ്രാധാന്യവും സർക്കാരും, ഭരണഘടനയും അവർക്ക് നൽകുന്ന അവകാശങ്ങൾ സംബന്ധിച്ചും പൊതുജനത്തിന് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ആദിവാസി വിഭാഗങ്ങളുടെ പ്രാധാന്യവും സർക്കാരും, ഭരണഘടനയും അവർക്ക് നൽകുന്ന അവകാശങ്ങൾ സംബന്ധിച്ച് പൊതുജനത്തിന് കൂടുതൽ അവബോധം ഉണ്ടാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ